പത്രക്കുറിപ്പ്

# ആറ്റുകാൽ പൊങ്കാല: നിയന്ത്രണങ്ങളോട് സഹകരിച്ച ഭക്തജനങ്ങൾക്ക് നന്ദി

# വർക്ക്ഷോപ്പ് ഉടമയെ കൊലപ്പെടുത്താൻ ശ്രമിച്ച നാലംഗസംഘം പിടിയിൽ

## കോവിഡ്-19

## വിലക്ക് ലംഘനം: 69 പേർക്കെതിരെ നിയമനടപടി 18,500/- രൂപ പിഴ ഈടാക്കി

തിരുവനന്തപുരം :- കോവിഡ് പശ്ചാത്തലത്തിൽ വളരെ നിയന്ത്രണങ്ങളോടുകൂടി നടത്തിയ ഈ വർഷത്തെ ആറ്റുകാൽ പൊങ്കാല മഹോത്സവത്തിൽ പോലീസ് ഏർപ്പെടുത്തിയ സുരക്ഷാ ക്രമീകരണങ്ങളോട് സഹകരിച്ച് കൊണ്ട് സമൂഹ പൊങ്കാല ഒഴിവാക്കി വീടുകളിൽ പൊങ്കാല ഇട്ടും, രോഗവ്യാപന സാധ്യത കണക്കിലെടുത്ത് പോലീസ് നൽകിയ മാർഗ്ഗ നിർദേശങ്ങൾ പാലിച്ചും പൊങ്കാല ഉത്സവം വിജയകരമായി നടത്തുവാൻ സഹകരിച്ച എല്ലാ ഭക്തജനങ്ങൾക്കും തിരുവനന്തപുരം സിറ്റി പോലീസിനു വേണ്ടി നന്ദി രേഖപ്പെടുത്തുന്നതായി ഐ.ജി.പി-യും സിറ്റി പോലീസ് കമ്മീഷണറുമായ ബൽറാംകുമാർ ഉപാദ്ധ്യായ അറിയിച്ചു.

### വർക്ക്ഷോപ്പ് ഉടമയെ കൊലപ്പെടുത്താൻ ശ്രമിച്ച നാലംഗസംഘം പിടിയിൽ

തിരുവനന്തപുരം :- വെങ്ങാനൂർ ചാവടിനടയിലെ വർക്ക്ഷോപ്പ് ഉടമയെ വെട്ടിക്കൊലപ്പെടുത്താൻ ശ്രമിച്ച കേസ്സിൽ നാലുപേരെ പോലീസ് പിടികൂടിയതായി ഐ.ജി.പി-യും

തിരുവനന്തപുരം സിറ്റി പോലീസ് കമ്മീഷണറുമായ ബൽറാംകുമാർ ഉപാദ്ധ്യായ അറിയിച്ചു. അതിയന്നൂർ പെരിയണംകോട് പ്ലാവിള ബിജു ഭവനിൽ വിനീത് (29), പെരിയണംകോട് പ്ലാവിള വീട്ടിൽ കുമാർ (36), പെരിയണംകോട് പ്ലാവിള ഗീത ഭവനിൽ ദീപു (28), പെരിയണംകോട് ബിജു ഭവനിൽ ബിജു (28) എന്നിവരെയാണ് വിഴിഞ്ഞം പോലീസ് അറസ്റ്റ് ചെയ്തത്.

കഴിഞ്ഞ 19-നാണ് സംഭവം നടന്നത്. ചാവടിനട ജംഗ്ഷന് സമീപമുള്ള ടൂവീലർ വർക്ക്ഷോപ്പിൽ വിനീതിന്റെ നേതൃത്വത്തിൽ ബൈക്കിൽ എത്തിയ നാലംഗസംഘം അതിക്രമിച്ച് കടന്ന് വർക്ക്ഷോപ്പ് ഉടമയായ സുനിലിനെ ക്രൂരമായി മർദ്ദിക്കുകയും, വെട്ടുകത്തി കൊണ്ട് വെട്ടിപ്പരിക്കേൽപ്പിച്ച് കടന്നു കളയുകയായിരുന്നു. വർക്ക്ഷോപ്പിൽ പണിയ്ക്ക് നൽകിയിരുന്ന വിനീതിന്റെ മോട്ടോർ സൈക്കിൾ സമയത്ത് പണി ചെയ്ത് കൊടുക്കാത്തതിലുള്ള വിരോധത്താലാണ് ആക്രമണം നടത്തിയത്. സംഭവത്തിന് ശേഷം ഒളിവിൽ പോയ പ്രതികളെ അന്വേഷിച്ച് വരവെ ഫോർട്ട് അസ്സി.കമ്മീഷണർക്ക് ലഭിച്ച രഹസ്യ വിവരത്തിന്റെ അടിസ്ഥാനത്തിൽ വിഴിഞ്ഞം എസ്.എച്ച്.ഒ ജി.രമേശ്, എസ്.ഐ-മാരായ ബാലകൃഷ്ണൻ ആചാരി, ജയകുമാർ, സി.പി.ഒ ഗോപു, കൃഷ്ണകുമാർ എന്നിവരടങ്ങിയ



വിഴിഞ്ഞം പോലീസ് അറസ്റ്റ് ചെയ്ത
ദീപു (28), വിനീത് (29), കുമാർ (36), ബിജു (28)

പോലീസ് സംഘമാണ് പ്രതികളെ പിടികൂടിയത്. കോടതിയിൽ ഹാജരാക്കിയ പ്രതികളെ റിമാൻഡ് ചെയ്തു.

## കോവിഡ് സുരക്ഷാ കേസ് വിവരം

തിരുവനന്തപുരം നഗരത്തിൽ പോലീസ് ഇന്നലെ (27-02-2021) നടത്തിയ പരിശോധനയിൽ കോവിഡ് സുരക്ഷാ വിലക്ക് ലംഘനം നടത്തിയ 69 പേർക്കെതിരെ നിയമനടപടി സ്വീകരിച്ചു. രോഗവ്യാപനം ഉണ്ടാക്കുന്ന തരത്തിൽ വിലക്ക് ലംഘനം നടത്തിയ 27 പേർക്കെതിരെ എപ്പിഡെമിക് ഡിസീസസ് ഓർഡിനൻസ്-2020 പ്രകാരമാണ് കേസെടുത്തത്. മാസ്ക് ധരിക്കാത്തതിന് 37 പേരിൽ നിന്നും 18,500/- രൂപ പിഴ ഈടാക്കി. കൂടാതെ മാർഗ്ഗ നിർദ്ദേശങ്ങൾ പാലിക്കാതെ സർവ്വീസ് നടത്തിയ 3 വാഹനങ്ങൾക്കെതിരെയും കോവിഡ് സുരക്ഷാ നിർദേശങ്ങൾ പാലിക്കാത്ത 2 കടകൾക്കെതിരെയും ഇന്നലെ നിയമനടപടി സ്വീകരിച്ചു.

തിരുവനന്തപുരം സിറ്റി
27-02-2021

**ഐ ജി പി & കമ്മീഷണർക്ക് വേണ്ടി**

പബ്ലിക് റിലേഷൻസ് ഓഫീസർ
തിരുവനന്തപുരം സിറ്റി